LIBRARY ARCHIVES Kerala Legislative Assembly

അഴീക്കോട് ഗ്രാമപഞ്ചായത്ത് ഐ. സി. ഡി. എസ്. അംഗൻവാടി ഹെൽപ്പർക്ക് സ്ഥിരം നിയമനത്തിന് നടപടി

62 [1267] ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ അഴീക്കോട് ഗ്രാമപഞ്ചായത്തിൽപ്പെട്ട ഐ.സി.ഡി.എസ്. അംഗൻവാടി നമ്പർ 125-ലെ ഹെൽപ്പർ ശ്രീമതി എം. ശ്യാമളയ്ക്ക് സ്ഥിരം നിയമനം നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ജീവനക്കാരിയുടെ സ്ഥിര നിയമനം സംബന്ധിച്ച് സി. എം. പി. നമ്പർ 24805/03 തീയതി 13-5-2003 പ്രകാരം ബഹു: ഹൈക്കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിന്റെ ഉള്ളടക്കം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കുവാൻ ബന്ധപ്പെട്ട ജില്ലാ ആഫീസർക്ക് നിർദ്ദേശം നൽകുമോ ;

(ഡി) ബഹു: ഹൈക്കോടതി ഉത്തരവ് ഇതുവരെയും നടപ്പിലാക്കാത്ത ജില്ലാ ഓഫീസറുടെ പേരിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രീമതി എം. ശ്യാമളയുടെ നിയമനത്തെ സംബന്ധിച്ച് 13-5-2003-ൽ സി. എം. പി. നമ്പർ 24805/03-ൽ പ്രകാരം ബഹു: ഹൈക്കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ ഹർജിക്കാരിക്ക് ഒഴിവുകൾ ലഭ്യമാണെങ്കിൽ പുനർനിയമനം നൽകണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്.

(സി) കണ്ണൂർ റൂറൽ ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർക്ക് ബഹു: ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് നടപ്പിലാക്കുവാൻ സാമൂഹ്യക്ഷേമ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

അംഗൻവാടി ജീവനക്കാരുടെ വേതന വർദ്ധനവ്

63 [1268] ശ്രീ. ടി. വി. ചന്ദ്രമോഹൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അംഗൻവാടി ടീച്ചർമാർക്കും ഹെൽപ്പർമാർക്കും വേതന വർദ്ധനവ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ജീവനക്കാരുടെ സംഘടനകൾ സർക്കാരിന് ഇതുസംബന്ധിച്ച് നിവേദനം നൽകിയിട്ടുണ്ടോ ;

(സി) ജീവനക്കാരുടെ റിട്ടയർമെന്റ് പ്രായം ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ജീവനക്കാരുടെ വേതന വർദ്ധന കേരള സർക്കാരാണോ കേന്ദ്ര സർക്കാരാണോ നടപ്പിലാക്കേണ്ടത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അംഗൻവാടി വർക്കർമാരും ഹെൽപ്പർമാരും ഓണറേറിയം വ്യവസ്ഥയിൽ നിയോഗിക്കപ്പെട്ട പ്രവർത്തകരാണ്. ഇവരുടെ ഓണറേറിയം കാലാകാലങ്ങളിൽ നിശ്ചയിക്കുന്നത് കേന്ദ്ര സർക്കാരാണ്. എന്നിരുന്നാലും സംസ്ഥാന സർക്കാർ വിഹിതമായി ഒരു തുക അധിക ഓണറേറിയമായി നൽകുന്നുണ്ട്. നിലവിൽ ഈ തുക 300 രൂപ നിരക്കിൽ വർക്കർമാർക്കും ഹെൽപ്പർമാർക്കും നൽകിവരുന്നു.

(ബി) ഉണ്ട്.

(സി) അംഗൻവാടി ജീവനക്കാർക്ക് റിട്ടയർമെന്റ് പ്രായം നിജപ്പെടുത്തിയിട്ടില്ല.

(ഡി) അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം കാലാകാലങ്ങളിൽ പുതുക്കി നിശ്ചയിക്കുന്നത് കേന്ദ്ര സർക്കാരാണ്.

സാമൂഹ്യക്ഷേമ വകുപ്പിലെ സൂപ്പർവൈസർമാർക്ക് ടി. എ. നൽകാൻ നടപടി

64 [1269] ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പിലെ ഇംപ്ലിമെന്റിംഗ് ഓഫീസർമാരായ സൂപ്പർവൈസർമാർക്ക് ജോലിയുടെ ഭാഗമായി വരുന്ന യാത്രാചെലവ് വഹിക്കുന്നതിന് ടി. എ. നൽകാറുണ്ടോ ; എങ്കിൽ പ്രതിമാസം എത്ര രൂപ നൽകാറുണ്ട് ;

(ബി) അടിക്കടി വർദ്ധിച്ചുവരുന്ന ബസ് ചാർജ്ജ് നിരക്കുകളെത്തുടർന്ന് ഇപ്പോൾ നൽകുന്ന ടി. എ. പര്യാപ്തമാണോ ;

(സി) ഇല്ലെങ്കിൽ ടി. എ. വർദ്ധനവ് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് നിർവഹിക്കേണ്ടിവരുന്ന ട്രഷറി ജോലികൾക്ക് ട്രഷറി ഡ്യൂട്ടി അലവൻസോ യഥാർത്ഥ യാത്രാചെലവോ അനുവദിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ ഈ കാര്യം പരിഗണിക്കാമോ ?

ഉത്തരം

(എ) ഉണ്ട്. ഐ. സി. ഡി. എസ്. സൂപ്പർവൈസർമാർക്ക് സ്ഥിരം യാത്രാചെലവുകൾക്കായി പ്രതിമാസം 90 രൂപ നിരക്കിൽ പി. സി. എ. ശമ്പളത്തോടൊപ്പം നൽകുന്നു. കൂടാതെ 8 കി. മീറ്റർ അധികരിച്ചുവരുന്ന യാത്രാ ചെലവുകളായ പി. എച്ച്. ഡി. മീറ്റിംഗ് ജില്ലാതല റിവ്യൂ മീറ്റിംഗ് ഇംപ്ലിമെന്റേഷനുമായി ബന്ധപ്പെട്ട ട്രഷറി ഡ്യൂട്ടി എന്നിവയ്ക്ക് കേരള സർവ്വീസ് ചട്ടങ്ങളിലെ റ്റി. എ. റൂൾസ് പ്രകാരമുള്ള യാത്രാബത്തയും നൽകിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly